# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 555 07.01.2014-ലെ മറുപടിക്ക്**

**<u>ധനസ്ഥിതിയെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ വിശദാംശങ്ങൾ</u>**

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | ധനസ്ഥിതിയെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2013 നവംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 30154.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 26933.40 കോടി രൂപയേക്കാൾ 11.96% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 32463.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 30290.58 കോടി രൂപയേക്കാൾ 7.17% കൂടുതലാണ്. 2013 നവംബർ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 2736.31 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30.11.2013 ൽ ട്രഷറി ബില്ലുകളിലായി 1629.10 കോടി രൂപ നിക്ഷേപമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെയും ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടിവന്നിട്ടില്ല. രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാനായിട്ടില്ല. 30.11.2013 വരെയുള്ള കണക്കനുസരിച്ച് റവന്യൂ കമ്മി 2309 കോടി രൂപയും ധനക്കമ്മി 4976 കോടി രൂപയുമാണ്. ഇവ യഥാക്രമം ആഭ്യന്തര ഉൽപാദനത്തിന്റെ 0.5 ശതമാനവും 1.2 ശതമാനവുമാണ്. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാനാകാത്തതുമൂലം നേരിയ തോതിലെങ്കിലും സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നുണ്ട്. |
| (ബി) | ഇത് മുൻ വർഷത്തേക്കാൾ മോശമായ അവസ്ഥയിലാണോ ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ ; | |
| (സി) | തന്നാണ്ടിൽ കേന്ദ്രം അനുവദിച്ച കടം എടുക്കാനുള്ള പരിധി എത്രയാണ് ; ഇതിനകം എടുത്ത കടം എന്തു തുകയാണ് ; | സംസ്ഥാനത്തിന് നടപ്പുവർഷം അനുവദിച്ച വായ്പാ പരിധി 12397 കോടി രൂപയാണ്. നടപ്പുസാമ്പത്തിക വർഷം ഇതിനോടകം ആകെ 9700 കോടി രൂപ പൊതുവിപണിയിൽ നിന്നും കടമെടുത്തിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യ്ക്കും കെ.എസ്.ഇ.ബി.യ്ക്കും, വാട്ടർ അതോറിറ്റിക്കും തന്നാണ്ടിൽ ബജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര ; ഇതിനകം നൽകിയ തുക എത്ര വീതം; | (table below) |
| (ഇ) | മേൽപറഞ്ഞ മൂന്ന് സ്ഥാപനവും തന്നാണ്ടിൽ ആവശ്യപ്പെട്ട അധിക സഹായം എത്ര കോടി വീതമായിരുന്നു ; നൽകിയത് എന്ത് തുക വീതമാണെന്ന് വിശദമാക്കാമോ ? | (table below) |

(ഡി)

| സ്ഥാപനം | ബജറ്റിൽ വകയിരുത്തിയ തുക (കോടിയിൽ) | ഇതിനകം നൽകിയ തുക (കോടിയിൽ) |
|---|---|---|
| കെ.എസ്.ആർ.ടി.സി. | 184 | 344 |
| കെ.എസ്.ഇ.ബി. | 57.4 | 227.4 |
| വാട്ടർ അതോറിറ്റി | 852.45 | 438.84 |

(ഇ)

| സ്ഥാപനം | അധികമായി ആവശ്യപ്പെട്ട തുക (കോടിയിൽ) | അനുവദിച്ച തുക (കോടിയിൽ) |
|---|---|---|
| കെ.എസ്.ആർ.ടി.സി. | 200 | 160 |
| കെ.എസ്.ഇ.ബി. | 150 | 100 |
| വാട്ടർ അതോറിറ്റി | 275 | ഇല്ല. |

സെക്ഷൻ ഓഫീസർ